# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1734

14.07.2016- ലെ മറുപടിക്ക്

## സഹകരണ നിക്ഷേപരംഗത്തിന്റെ ഉണർവിനായുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>" വി.പി.സജീന്ദ്രൻ<br>" സണ്ണി ജോസഫ്<br>" റോജി.എം.ജോൺ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപരംഗത്തിന്റെ ഉണർവിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ ; | (എ) മുൻ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ രംഗത്തിന്റെ ഉണർവിനായി 5 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിച്ചു. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ചു. പ്രസ്തുത സ്കീമിന്റെ നടത്തിപ്പിനായി വകുപ്പ് മന്ത്രി ചെയർമാനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിരുന്നത്. കഴിഞ്ഞ 5 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 24,500/- കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. സഹകരണ സംഘങ്ങളിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക, നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുക, പ്രാഥമിക സഹകരണ സംഘങ്ങളിൽ ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപ ഗ്യാരന്റി സ്കീമിലൂടെ കൈവരിക്കാനുദ്ദേശിച്ചത്. |

നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, നിക്ഷേപകരെ കൂടുതൽ ആകർഷിക്കുക, നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിച്ചത്.

സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിവരിക്കുമോ?

(സി) കഴിഞ്ഞ 5 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 29837.02 കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിക്കുകയും, പ്രസ്തുത സ്കീം നടപ്പാക്കുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിക്കുകയും ചെയ്യുക വഴി നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും, നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും, ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവരെ 2259 സംഘങ്ങളെ/ ബാങ്കുകളെ സ്കീമിലേക്ക് നോട്ടിഫൈ ചെയ്യുന്നതിനും കോർപസ് ഫണ്ടിലേക്ക് പ്രീമിയം ഇനത്തിൽ 76.58 കോടി രൂപ സമാഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നതാണ് ഇതിലൂടെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ.

**സെക്ഷൻ ഓഫീസർ**